# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 48** **01/12/2015-ൽ മറുപടിക്ക്**

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ,, വി.പി.സജീന്ദ്രൻ | (വ്യവസായവും വിവരസാങ്കേതികവും |
| ,, ഡൊമിനിക് പ്രസന്റേഷൻ | വകുപ്പ് മന്ത്രി) |
| ,, ഹൈബി ഈഡൻ | |

---

| | | | |
|---|---|---|---|
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) (ബി) & (സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുമുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ആറര ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) | പദ്ധതിയുടെ പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ